ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, കേബിൾ ഇട്ട് നേരത്തേ കണക്ഷൻ നൽകിയിരുന്നു; പിന്നീട് അത് നിർത്തലാക്കുകയും ചെയ്തു. നിർത്തലാക്കാൻ കാരണം മോഷണത്തിന് ഏറെവും നല്ല സാദ്ധ്യതയുണ്ടെന്ന് കണ്ടതുകൊണ്ടാണ്. എന്നാൽ ഇപ്പോൾ ബി.എസ്.എൻ.എൽ.-ന്റെ ബോക്സ് വയ്ക്കുന്നതുപോലെ റോഡ് സൈഡിൽ ബോക്സ് ഉണ്ടാക്കാൻ, അതിന്റെ ഡിസൈൻ, എസ്റ്റിമേറ്റ് എല്ലാം പരിശോധിച്ച് കേബിൾ കണക്ഷൻ കൊടുക്കേണ്ടതിന്റെ കാര്യം ആലോചിക്കാൻ ബോർഡിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. തടി പോസ്റ്റിന്റെ കാര്യത്തിൽ, തേക്കിന് വില കൂടുതലാണ്. കുറച്ചുകഴിയുമ്പോൾ പ്രയാസമാവും. എന്നാലും ഇക്കാര്യത്തിൽ ബോർഡിനോട് ആലോചിച്ച് വേണ്ടത് ചെയ്യാം.

ശ്രീ. സി. മമ്മൂട്ടി: സർ, കരകൃഷിക്കാരുടെ കാര്യത്തിൽ രണ്ടു ഹെക്ടർ വരെ സൗജന്യ വൈദ്യുതി എന്ന് പറഞ്ഞു. എന്നാൽ കരകൃഷിക്കാരായ കാപ്പി, തേയില കൃഷിക്കാർ ഇപ്പോഴും കുത്തുപാളയെടുക്കുന്ന വിഭാഗമായിരിക്കുന്നു. അവരുടെ ഉൽപ്പന്നങ്ങൾക്ക് വിലയില്ലാതായിരിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ ഏറെവും കൂടുതൽ കഷ്ടപ്പെടുന്ന ഒരു വിഭാഗം എന്ന നിലയ്ക്ക് ഇവർക്ക് രണ്ടു ഹെക്ടർ എന്നുള്ളത് നാലു ഹെക്ടർ വരെയെന്ന് വർദ്ധനവ് വരുത്താൻ, അക്കാര്യം പരിഗണിക്കാൻ തയ്യാറാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: കൂട്ടുത്തരവാദിത്വത്തോടെ ഞാൻ പറയുന്നു ഞാൻ അല്ല പരിഗണിക്കേണ്ടത്. ഗവൺമെന്റ് മൊത്തത്തിലാണ്. കൃഷി വകുപ്പുമായും ഇക്കാര്യം ആലോചിക്കണം. കാരണം ഇപ്പോഴത്തന്നെ ബഡ്ജറ്റ് അനുസരിച്ചുപോലും, അറുപത്തഞ്ചു കോടിയോളം രൂപ കുടിശ്ശികയുണ്ട്. അതുകൊണ്ട് ഇത് പരിഗണിക്കാമോ ഇല്ലയോ എന്ന് ഗവൺമെന്റിന് ആലോചിച്ചു മാത്രമേ പറയാൻ കഴിയൂ.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണ പ്രവൃത്തി

* 3 [291] ശ്രീ. ലൂഡി ലൂയിസ്:

,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണത്തിന് മുമ്പ് അതിന്റെ സ്ഥാപിത ശേഷിയും യഥാർത്ഥ ശേഷിയും എത്ര വീതമായിരുന്നു;

(ബി) പ്രസ്തുത പദ്ധതികളുടെ നവീകരണം പൂർത്തിയാകുമ്പോൾ അവയുടെ സ്ഥാപിത ശേഷിയും യഥാർത്ഥ ശേഷിയും എത്ര കണ്ട് ഉയരുമെന്നാണ് അത് സംബന്ധിച്ച കരാറിൽ വ്യവസ്ഥ ചെയ്തിരുന്നത്;

(സി) ഈ വ്യവസ്ഥ അനുസരിച്ച് പ്രസ്തുത പദ്ധതികളുടെ ശേഷി വർദ്ധിക്കാത്ത പക്ഷം സ്വീകരിക്കേണ്ട അനന്തര നടപടികളെപ്പറ്റി കരാറിൽ പറഞ്ഞിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നവീകരണത്തിനുശേഷം ഈ പദ്ധതികളുടെ ശേഷി വർദ്ധിച്ചുവോ; എങ്കിൽ എത്ര കണ്ട് വർദ്ധിച്ചു എന്ന് വ്യക്തമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ)

പദ്ധതി	സ്ഥാപിത ശേഷി (മെ.വാ.)	യഥാർത്ഥ ശേഷി (മെ.വാ.)
പള്ളിവാസൽ	37.5	35.94
പന്നിയാർ	30	30
ചെങ്കുളം	48	48

(ബി, സി) നവീകരണം പൂർത്തിയാകുമ്പോഴുള്ള ശേഷി വർദ്ധനവിനെക്കുറിച്ചോ വർദ്ധിക്കാത്തപക്ഷം സ്വീകരിക്കേണ്ട അനന്തര നടപടികളെക്കുറിച്ചോ കരാറിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്തിരുന്നില്ല.

(ഡി) കരാറിൽ പറഞ്ഞിരിക്കുന്ന ജനറേറ്ററുകളുടെ ശേഷിയും ടർബൈനിന്റെ ശേഷിയും കണക്കിലെടുത്ത് ലഭിക്കേണ്ട മെഗാവാട്ടും ഇപ്പോൾ ലഭിക്കുന്ന സ്ഥാപിത ശേഷിയുടെ വിവരവും ചുവടെ കൊടുക്കുന്നു:

പദ്ധതി	സ്ഥാപിത ശേഷി (മെഗാവാട്ട്)	
	ലഭിക്കേണ്ടത്	ലഭിക്കുന്നത്
പള്ളിവാസൽ	36.6	36.84
പന്നിയാർ	32.4	32.4
ചെങ്കുളം	52.72	55.24

വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ നവീകരണം

* 4 [292] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, പി. ജയരാജൻ:
,, എം. പ്രകാശൻ മാസ്റ്റർ:
,, രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളും പലതും അനാസ്ഥമൂലം നശിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ നവീകരണത്തിന് സർക്കാർ പ്രത്യേക പദ്ധതി തയ്യാറാക്കുമോ?

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly